

▶ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പരിശീലന പരിപാടിയിൽ ഡോ. ജെ.കെ. ജേന പ്രസംഗിക്കുന്നു

# സിഫ്റ്റും എഫ്.എ.ഒ.യും കൈകോർക്കുന്നു

**കൊച്ചി** ▸ മത്സ്യമേഖലയിലെ ആൻറി മൈക്രോബിയൽ പ്രതിരോധത്തിനെതിരേ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്) യും റോം ആസ്ഥാനമായുള്ള എഫ്.എ.ഒ.യും കൈകോർക്കുന്നു. സിഫ്റ്റിനെ ഇന്ത്യയിലെ ഇതിനുള്ള അംഗീകൃത കേന്ദ്രമായി എഫ്.എ. ഒ. തിരഞ്ഞെടുത്തു.

ഇതിൻെറ ഭാഗമായി അഞ്ചു ദിവസത്തെ പരിശീലന പരിപാടി സിഫ്റ്റിൽ തിങ്കളാഴ്ച തുടങ്ങി. 25 വരെയുള്ള പരിശീലന പരിപാടിയിൽ അഞ്ച് എഫ്.എ.ഒ. വിദഗ്ധരും രാജ്യത്തെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഇരുപതോളം ശാസ്ത്രജ്ഞരും പങ്കെടുക്കുന്നുണ്ട്. തിങ്കളാഴ്ച രാവിലെ നടന്ന ചടങ്ങിൽ ഡി.ഡി. ജി. (ഫിഷറീസ്) ഡോ. ജെ.കെ. ജേന മുഖ്യാതിഥിയായി. സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, ഡോ. എം.എം. പ്രസാദ് എന്നിവർ പ്രസംഗിച്ചു.